2725
14/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവിവകുപ്പ്-വനം വകുപ്പിൽ ആദി വാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.3/2021/വനം                 തീയതി,തിരുവനന്തപുരം, 12/02/2021

പരാമർശം:- 1 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 14.05.2018, 06.12.2018, 13.06.2019, 31.01.2020 ,14.10.2020 തീയതികളിലെ ഇ7-17488/18 നം. കത്തുകൾ.

2 മുഖ്യവനപാലകന്റെ 13.02.2019 തീയതിയിലെ ഇ7-17488/18 നം. കത്ത്.

<u>ഉത്തരവ്</u>

ആദിവാസി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ട് വരുന്നതിനുള്ള പ്രവർത്തനം കൂടുതൽ ശക്തിപെടുത്തുന്നതിനും, അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും, അതോടൊപ്പം പശ്ചിമ ഘട്ട മലനിരകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഇക്കോ ടൂറിസം പോലുള്ള പദ്ധതികൾ പരിപോഷിപ്പിക്കൽ, അനധികൃത കടിയേറ്റവും വന്യ ജീവികളുടെ ആക്രമണവും തടയുക, തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനായി, വനംവകുപ്പിൽ പരിചിതരായ ജീവനക്കാരുടെ ആവശ്യകത പരിഹരിക്കുന്നതിനും, വനം സംബന്ധിച്ച അറിവ്, സുപരിചിതത്വം എന്നിവ കണക്കിലെടുത്ത്, വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി സമൂഹത്തിൽ നിന്നും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുവാൻ, 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുവാൻ പരാമർശം(1),(2) പ്രകാരം മുഖ്യവനപാലകനും, ഭരണവിഭാഗം ഉപമുഖ്യവനപാലകനും, വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം. ചുവടെചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി നിയമിക്കുന്നതിനായി, 20000-45800 ശമ്പള സ്കെയിലിൽ 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**i.ഓരോ ജില്ലയിലേയ്ക്കും നീക്കിവെച്ചിട്ടുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| പത്തനംതിട്ട | 10 |
| കോട്ടയം | 20 |
| ഇടുക്കി | 40 |
| എറണാകുളം | 20 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 60 |
| മലപ്പുറം | 30 |
| കോഴിക്കോട് | 20 |
| വയനാട് | 170 |

| | |
|---|---|
| കണ്ണൂർ | 45 |
| കാസർഗോഡ് | 45 |
| ആകെ | 500 |

*ആലപ്പുഴ ജില്ലയിൽ ഒഴിവുകൾ ഉണ്ടായിരിക്കുന്നതല്ല.

**ii.പൊതു നിബന്ധനകൾ**

*ആദിവാസികൾക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിശ്ചയിച്ചിട്ടുള്ള ഈ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

*ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥി വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്ന് തെളിയിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിറ്റോറിയൽ/വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

*തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. ഒരോ ജില്ലയിലേയ്ക്കും അതത് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

*ആലപ്പുഴ ജില്ലയിൽ വനം ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിൽ തെരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

*പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതകൾക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

**iii.പ്രായപരിധി**

*19- നും - 33 നും മധ്യേ പ്രായം (വയസ്സിളവ് ഉൾപ്പെടെ).

**iv. വിദ്യാഭ്യാസ യോഗ്യത**

*എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

*എസ്.എസ്.എൽ.സി. പാസ്സായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യയോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

**v.ശാരീരിക യോഗ്യത**

*159.5 സെ.മീ. ഉയരവും 79 സെ.മീ. ചെസ്റ്റ് അളവും പൂർണ്ണ വികാസത്തിൽ 5 സെ.മീ. വികാസവും ഉണ്ടായിരിക്കണം.

*വനിത ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ. ഉയരം ഉണ്ടായിരുന്നാൽ മതിയാകും (നെഞ്ചളവ് ബാധകമല്ല).

*വൺസ്റ്റാർ ടെസ്റ്റ് പ്രകാരമുള്ള ശാരീരിക ക്ഷമതാ പരിശോധനകൾ വിജയകരമായി പൂർത്തീകരിക്കണം.

vi. തെരഞ്ഞെടുപ്പ് പ്രക്രിയ

*അതാത് ജില്ലകൾക്ക് നീക്കി വച്ചിട്ടുള്ള ഒഴിവുകൾ വനം വകുപ്പിന്റെ അതാത് ജില്ലാതല നിയമനാധികാരികൾ ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസർമാരെ അറിയിക്കേണ്ടതാണ്.

*അതാത് ജില്ലാ പി.എസ്.സി. ഓഫീസർമാർ നിലവിൽ പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടിക്രമം അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. വിജ്ഞാപനത്തിന് ആദിവാസി സെറ്റിൽമെന്റുകളിൽ വ്യാപകമായ പ്രചരണം വനം വകുപ്പ് നൽകേണ്ടതാണ്.

*അപേക്ഷകർ സമർപ്പിക്കുന്ന ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ താഴെ പറയുന്ന കമ്മിറ്റി പരിശോധിക്കുന്നതായിരിക്കും.

| | | |
|---|---|---|
| (1) | ജില്ലാ ഓഫീസർ, പബ്ലിക് സർവ്വീസ് കമ്മീഷൻ | കൺവീനർ/ ചെയർമാൻ |
| (2) | ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ | മെമ്പർ |
| (3) | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | മെമ്പർ |

*ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ സ്ക്രൂട്ടിനി

കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടതാണ്. കമ്മിറ്റിയുടെ കൺവീനർ/ചെയർപേഴ്സൺ ഇതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

*സ്ക്രൂട്ടിനി കമ്മിറ്റിയുടെ നടപടികൾ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ വച്ച് നടത്താവുന്നതാണ്.

*സ്ക്രൂട്ടിനി കമ്മിറ്റി തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ നിന്നും വൺസ്റ്റാർ ടെസ്റ്റ് പാസ്സായവരെ ഇന്റർവ്യൂ നടത്തി ആയിരിക്കും അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുക.

*പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ/മെമ്പർ ആയിരിക്കും ഇന്റർവ്യൂ ബോർഡിന്റെ ചെയർമാൻ. ബോർഡിലെ മറ്റ് അംഗങ്ങൾ താഴെപറയും പ്രകാരം ആയിരിക്കും.

| | | |
|---|---|---|
| (1) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ<br><br>(ഇ & റ്റി.ഡബ്ല്യൂ) | കൺവീനർ |
| (2) | ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ | മെമ്പർ |
| (3) | വനം വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു സർക്കാർ പ്രതിനിധി | മെമ്പർ |

*ഇന്റർവ്യൂ വനം വകുപ്പിന്റെ അതാത് ജില്ലാ നിയമന അധികാരികളുടെ ഓഫീസ്/ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസ് എന്നിവിടങ്ങളിൽ വച്ച് നടത്താവുന്നതാണ്.

*അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ/വിധവകളായ അമ്മമാരുടെ കുട്ടികൾ, വനം വകുപ്പിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

3. ഇതിനായുള്ള ചെലവ് വനംവകുപ്പിന്റെ 2406-01-001-95 എന്ന ഡിസ്ട്രിക്റ്റ് ഓഫീസ് നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യവനപാലകൻ & വനം വകുപ്പ് മേധാവി, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്& ന്യൂ മീഡിയ.
ധനകാര്യ വകുപ്പ്(886867/അഗ്രിഎ2/123/18/ഫിൻ തീയതി.23.12.2020).
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം 4625,തീയതി.10.02.2021).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.02.1? 16:38:41 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ് -
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 10-02-2021

ഫയൽ നം.156/എഫ്3/2018/വനം ഇനം നം: 4625

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : സാമ്പത്തിക ബാധ്യത വനം വന്യജീവി വകുപ്പ് തന്നെ കണ്ടെത്തേണ്ടതാണെന്ന ഭേദഗതിയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

11/2
JS
11/2/21

4625

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 156/എഫ്3/2018/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനംവകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 . പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.11.2020 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(II) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ.സുരേഷ് കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ /പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത. |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആദിവാസി വിഭാഗത്തിൽ നിന്നും വനംവകുപ്പിൽ 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതാണ് കുറിപ്പിനാധാരമായ വിഷയം.

2. പശ്ചിമ ഘട്ട മലനിരകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഇക്കോ ടൂറിസം പോലുള്ള വിജയകരമായ പദ്ധതികൾ പരിപോഷിപ്പിക്കൽ, അനധികൃത കുടിയേറ്റം, വന്യ ജീവികളുടെ ആക്രമണം തടയുക, തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി വനംവകുപ്പിൽ പരിചിതരായ ജീവനക്കാരുടെ ആവശ്യകതയുണ്ട്. ഈ സാഹചര്യത്തിൽ വനം സംബന്ധിച്ച അറിവ്, സുപരിചിതത്വം എന്നിവ കണക്കിലെടുത്ത് വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി സമൂഹത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുവാൻ 500 തസ്തിക സൃഷ്ടിക്കുവാൻ മുഖ്യവനപാലകൻ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ഇത്തരത്തിൽ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിന് പ്രതിവർഷം 14.4 കോടി രൂപയുടെ(24000x12x500=14.4 കോടി രൂപ) അധിക ചെലവുണ്ടാകുന്നതാണ്.

3. 17.11.2001 ലെ സ.ഉ(എം.എസ്)നം.68/2001/വനം. ഉത്തരവ് പ്രകാരം ആദിവാസി വിഭാഗത്തിൽ നിന്നും യോഗ്യരായ 300 ഫോറസ്റ്റ് ഗാർഡുകളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ 15/05/2013 ലെ സ.ഉ(എം.എസ്)നം. 53/2013/വനം. ഉത്തരവ് പ്രകാരം ആദിവാസി വിഭാഗത്തിൽ നിന്നും 700 ട്രൈബൽ വാച്ചർമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമക്കുവാനും അനുമതി നൽകിയിരുന്നു.

4. വിവിധ ജില്ലകളിലെ ആദിവാസി വിഭാഗത്തിന്റെ ജനസംഖ്യ,വനാശ്രിതത്വം, മാവോയിസ്റ്റ് സാന്നിധ്യം/പ്രവർത്തനങ്ങൾ, ജില്ലകളിലെ ആദിവാസി ജീവനക്കാരുടെ സാന്നിധ്യം, എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായും, 2013 ൽ 700 ട്രൈബൽ വാച്ചർമാരെ നിയമിച്ചപ്പോൾ ഓരോ ജില്ലയ്ക്കും സംഭവിച്ചിട്ടുള്ള കുറവ് കൂടി പരിഹരിക്കത്തവണ്ണവും, ആലപ്പുഴ ജില്ല ഒഴികെ മറ്റ് ജില്ലകൾക്കായി ചുവടെപ്പറയും പ്രകാരമാണ് തസ്തികകൾ നീക്കി വച്ചിട്ടുള്ളത്.

| **ജില്ല** | **നിയമനത്തിനായി ശുപാർശ ചെയ്ത തസ്തികകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| പത്തനംതിട്ട | 10 |
| കോട്ടയം | 20 |
| ഇടുക്കി | 40 |
| എറണാകുളം | 20 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 60 |
| മലപ്പുറം | 30 |
| കോഴിക്കോട് | 20 |
| വയനാട് | 170 |
| കണ്ണൂർ | 45 |
| കാസർഗോഡ് | 45 |
| **ആകെ** | **500** |

5. പുതുതായി സൃഷ്ടിക്കുന്ന 500 തസ്തികകളിലേക്ക് അതാത് ജില്ലകളിലെ ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർമാർ മുഖേന പൂർണ്ണമായും വനാശ്രിത

വിഭാഗത്തിൽ നിന്നും യോഗ്യരായ ഉദ്യോഗർത്ഥികളെ പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സമിതിയുടെ മേൽനോട്ടത്തിൽ തെരെഞ്ഞെടുത്ത്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്താവുന്നതാണ്. വിശദമായ തെരെഞ്ഞെടുപ്പ് പ്രക്രിയ അനുബന്ധമായി ചേർക്കുന്നു.

6. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെക്കാണും പ്രകാരമായിരുന്നു.

**"സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ പുനഃസമർപ്പിയ്ക്കുവാൻ നിർദ്ദേശിക്കുന്നു. ഒപ്പം ട്രൈബൽ സബ് പ്ലാനിൽ നിന്നും ആവശ്യമായ പണം കണ്ടെത്താൻ കഴിയുമെങ്കിൽ അക്കാര്യം പരിശോധിക്കാനും ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.**

**ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് . "**

**7.** ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ട്രൈബൽ സബ് പ്ലാനിൽ നിന്നും ഇതിനായി പണം കണ്ടെത്താൻ കഴിയുമോ എന്ന കാര്യത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകമായ " അംബേദ്ക്കർ വികസന പദ്ധതി 2222-02-102-85 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും ഇതിനുള്ള ആദ്യവർഷത്തെ ചെലവ് വിനിയോഗിക്കാമെന്നാണ് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചിരുന്നത്. എന്നാൽ ടി വകുപ്പ്, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം ലഭ്യമാക്കിയിട്ടുള്ള അഭിപ്രായം ചുവടെക്കാണും പ്രകാരമാണ്.

**"Finance Department has informed that this proposal has been deferred for better times with the approval of Hon'ble Minister (Finance). It was again sent to FD for reconsideration but they continue to stick on to their earlier remarks. In these circumstances, in my opinion, if found agreeable, this position may be informed to Forest Department and if they can bear the expenditure from their own funds (non-plan), we may ask them to explore the position."**

8. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതു മൂലം ഉണ്ടാകുന്ന ചിലവ് , ട്രൈബൽ സബ് പ്ലാനിൽ നിന്നും വനം വകുപ്പിന് ഇപ്പോൾ പണം ലഭിക്കുന്നില്ലാത്തതിനാൽ, ടി ശീർഷകത്തിൽ നിന്നും പണം കണ്ടെത്തുവാൻ കഴിയില്ലായെന്നും, പകരം 2406-01-001-95 എന്ന ഡിസ്ട്രിക്റ്റ് ഓഫീസ് നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ് എന്നും ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ അറിയിച്ചിരുന്നു. തുടർന്ന് വീണ്ടും ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം അറിയിച്ചു.

**"വനത്തിനുള്ളിൽ അധിവസിക്കുന്ന ആദിവാസികളിൽ നിന്നും യോഗ്യതയുള്ളവരെ കണ്ടെത്തി വനസംരക്ഷണ സേനയെ ശക്തിപ്പെടുത്തുന്നതിനു ട്രൈബൽ സബ് പ്ലാനിൽ നിന്നും ടി തുക കണ്ടെത്തുകയാണെങ്കിൽ മാത്രം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ 500 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുവാദം നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .**

**ഇതിനു ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് . "**

9. വനം വകുപ്പിന്റെ നോൺ പ്ലാൻ ഹെഡിൽ നിന്ന് ഇതിനാവശ്യമായ ചിലവ് വഹിച്ചുകൊണ്ട്, 500 പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം ബഹു മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിൻമേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ചുവടെക്കാണും പ്രകാരം ഉത്തരവാകുകയുണ്ടായി.

**'ധനകാര്യവകുപ്പ് വീണ്ടും കണ്ട് അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.'**

10. ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഫയൽ ഒരിക്കൽക്കൂടി ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് ചുവടെക്കാണുന്ന അഭിപ്രായം രേഖപ്പെടുത്തി.

**"വനത്തിനുള്ളിൽ അധിവസിക്കുന്ന ആദിവാസികളിൽ നിന്നും യോഗ്യതയുള്ളവരെ കണ്ടെത്തി വനസംരക്ഷണ സേനയെ ശക്തിപ്പെടുത്തുന്നതിനു, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായി വരുന്ന പണം ട്രൈബൽ സബ് പ്ലാനിൽ നിന്ന് കണ്ടെത്തി ആയിരിക്കണം വിനിയോഗിക്കേണ്ടത് എന്നതിന് വിധേയമായി അനുവാദം നൽകാം എന്ന ധനവകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.**

**ഇതിന് ബഹു.മുഖ്യമന്ത്രിയുടെയും ബഹു.ധനമന്ത്രിയുടെയും അംഗീകാരമുണ്ട്."**

11. വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ കേരള പബ്ലിക് സർവീസ് കമീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട് മെന്റ് പ്രകാരം നിയമിക്കുന്നതിനായി 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം, ധനകാര്യവകുപ്പിന്റെ അഭിപ്രായം സഹിതം ബഹു. മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

## തീരുമാനിക്കേണ്ട കാര്യം

വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ, കേരള പബ്ലിക് സർവീസ് കമീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി, 20000-45800 ശമ്പള സ്കെയിലിൽ, 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ, ഇതിനായുള്ള തുക ട്രൈബൽ സബ് പ്ലാനിൽ നിന്നും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സൃഷ്ടിക്കാമോ?

അനുബന്ധം

## ആദിവാസി വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

### തസ്തികകൾ

ബീറ്റ് ഫോറസ്റ്റ് ഓഫീസർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) എന്ന ഈ വിഭാഗത്തിൽ 500 റഗുലർ തസ്തികകൾ സൃഷ്ടിച്ച് അതിലേയ്ക്കായിരിക്കും നിയമനം നടത്തുക.

### പൊതു നിബന്ധനകൾ

1. വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികളിൽ നിന്നും മാത്രമായുള്ള നേരിട്ടുള്ള നിയമനം

2. ആദിവാസികൾക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിശ്ചയിച്ചിട്ടുള്ള ഈ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

3. ഈ തസ്തികസ്റ്റ് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥി വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്ന് തെളിയിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിറ്റോറിയൽ/വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും ഒരോ ജില്ലയിലേയ്ക്കും അതത് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

5. ആലപ്പുഴ ജില്ലയിൽ വനം ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിൽ തെരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

6. പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതകൾക്കും ഈ തസ്തികയിലേക്ക്

അപേക്ഷിക്കാവുന്നതാണ്.

**ഒഴിവുകളുടെ ജില്ല തിരിച്ചുള്ള വിവരം**

7. ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം താഴെ പട്ടികയിൽ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| പത്തനംതിട്ട | 10 |
| കോട്ടയം | 20 |
| ഇടുക്കി | 40 |
| എറണാകുളം | 20 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 60 |
| മലപ്പുറം | 30 |
| കോഴിക്കോട് | 20 |
| വയനാട് | 170 |
| കണ്ണൂർ | 45 |
| കാസർഗോഡ് | 45 |
| **ആകെ** | **500** |

ആലപ്പുഴ ജില്ലയിൽ ഒഴിവുകൾ ഉണ്ടായിരിക്കുന്നതല്ല

8. ഒരു ജില്ലയിൽ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാധാരണ നിലയിൽ പ്രസ്തുത ജില്ലയിൽ തന്നെയാകും നിയമനം ലഭിക്കുക

**യോഗ്യത**

**പ്രായപരിധി**

9. 19- നും - 33 നും മധ്യേ പ്രായം (വയസ്സിളവ് ഉൾപ്പെടെ)

(നോട്ട് - നിലവിൽ സ്പെഷ്യൽ റൂൾസ് പ്രകാരം പ്രായ പരിധി 19-28 ആണ്. ഇതിൽ ആവശ്യമായ ഇളവ് വരുത്തിയാണ് ഉയർന്ന പ്രായപരിധി 33

വയസ്സായി ഉയർത്തിയിട്ടുള്ളത്).

വിദ്യാഭ്യാസ യോഗ്യത

10. എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

11. എസ്.എസ്.എൽ.സി. പാസ്സായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യയോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

(നോട്ട് - നിലവിൽ സ്പെഷ്യൽ റൂൾസ് പ്രകാരം +2 ആണ് വിദ്യാഭ്യാസ യോഗ്യത)

ശാരീരിക യോഗ്യത

12. 159.5 സെ.മി. ഉയരവും 79 സെ.മി. ചെസ്റ്റ് അളവും പൂർണ്ണ വികാസത്തിൽ 5 സെ.മി. വികാസവും ഉണ്ടായിരിക്കണം

വനിത ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മി. ഉയരം ഉണ്ടായിരുന്നാൽ മതിയാകും (നെഞ്ചളവ് ബാധകമല്ല)

13. വൺസ്റ്റാർ ടെസ്റ്റ് പ്രകാരമുള്ള ശാരീരിക ക്ഷമതാ പരിശോധനകൾ വിജയകരമായി പൂർത്തീകരിക്കണം.

തെരഞ്ഞെടുപ്പ് പ്രക്രിയ

14. അതാത് ജില്ലകൾക്ക് നീക്കി വച്ചിട്ടുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ വനം വകുപ്പിന്റെ അതാത് ജില്ലാതല നിയമനാധികാരികൾ ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസർമാരെ ഒഴിവുകൾ വിജ്ഞാപനം ചെയ്യുന്നതിന് നിർദ്ദേശം നൽകേണ്ടതാകുന്നു.

15. അതാത് ജില്ലാ പി.എസ്.സി. ഓഫീസർമാർ നിലവിൽ പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടിക്രമം അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. വിജ്ഞാപനത്തിന് ആദിവാസി സെറ്റിൽമെന്റുകളിൽ വ്യാപകമായ പ്രചരണം ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പ് നൽകേണ്ടതാണ്.

16. അപേക്ഷകർ സമർപ്പിക്കുന്ന ജാതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ താഴെ പറയും പ്രകാരം രൂപീകരിക്കുന്ന ജില്ലാ കമ്മിറ്റി പരിശോധിക്കുന്നതായിരിക്കും.

| | | |
|---|---|---|
| (1) | ജില്ലാ ഓഫീസർ, പബ്ലിക് സർവ്വീസ് കമ്മീഷൻ | കൺവീനർ/ ചെയർമാൻ |
| (2) | ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ്ലൈഫ് വാർഡൻ | മെമ്പർ |
| (3) | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | മെമ്പർ |

17. ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ സ്ക്രൂട്ടിനി കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി ചുരുക്കപ്പെട്ടിക തയ്യാറാക്കേണ്ടതാണ്. കമ്മിറ്റിയുടെ കൺവീനർ/ചെയർപേഴ്സൺ ഇതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

സ്ക്രൂട്ടിനി കമ്മിറ്റിയുടെ നടപടികൾ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ വച്ച് നടത്താവുന്നതാണ്.

18. സ്ക്രൂട്ടിനി കമ്മിറ്റി തയ്യാറാക്കുന്ന ചുരുക്കപ്പെട്ടികയിൽ നിന്നും വൺസ്റ്റാർ ടെസ്റ്റ് പാസ്സായവരെ ഇന്റർവ്യൂ നടത്തി ആയിരിക്കും അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുക.

19. പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ/മെമ്പർ ആയിരിക്കും ഇന്റർവ്യൂ ബോർഡിന്റെ ചെയർമാൻ. ബോർഡിലെ മറ്റ് അംഗങ്ങൾ താഴെപറയും പ്രകാരം ആയിരിക്കും.

| | | |
|---|---|---|
| (1) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ & റ്റി.ഡബ്ല്യൂ) | കൺവീനർ |
| (2) | ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ്ലൈഫ് വാർഡൻ | മെമ്പർ |
| (3) | വനം വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു സർക്കാർ പ്രതിനിധി | മെമ്പർ |

20. ഇന്റർവ്യൂ വനം വകുപ്പിന്റെ അതാത് ജില്ലാ നിയമന അധികാരികളുടെ ഓഫീസ്/ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസ് എന്നിവിടങ്ങളിൽ വച്ച് നടത്താവുന്നതാണ്.

21. അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ/വിധവകളായ അമ്മമാരുടെ കുട്ടികൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

22. വനം വകുപ്പിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് മുൻഗണന നൽകുന്നതാണ്.